I/44052/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## വിജ്ഞാപനം

## കീം 2023

## എഞ്ചിനീയറിംഗ്/ആർക്കിടെക്ച്ചർ/ഫാർമസി/മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2023 അപേക്ഷയോടൊപ്പം സമർപ്പിച്ച സർട്ടിഫിക്കറ്റുകളിലെ പിഴവുകൾ തിരുത്തുന്നതിനും വിവിധ സംവരണാനുകൂല്യങ്ങൾ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ പുതുതായി സമർപ്പിക്കുന്നതിനുമുള്ള അവസരം

2023-24 വർഷത്തെ എഞ്ചിനീയറിംഗ്, ആർക്കിടെക്ച്ചർ, ഫാർമസി, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളിൽ അപേക്ഷയോടൊപ്പം സമർപ്പിച്ച വിവിധ സർട്ടിഫിക്കറ്റുകളിലെ പിഴവുകൾ തിരുത്തുന്നതിനും അർഹമായ സംവരണം/മറ്റ് ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നതിനാവശ്യമായ രേഖകൾ/ സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം സമർപ്പിക്കാതിരിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് 06.07.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സ.ഉ (സാധാ)നം.1033/2023/HEDN) പ്രകാരം ഒരു അവസരം കൂടി നൽകുന്നു. ഈ അവസരം ഉപയോഗപ്പെടുത്തുന്നതിനായി വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ നൽകിയിട്ടുള്ള ' KEAM - 2023 Candidate Portal ' -ൽ അവരവരുടെ അപേക്ഷാ നമ്പരും പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് പ്രൊഫൈൽ പേജ് പരിശോധിക്കേണ്ടതാണ്. സംവരണാനുകൂല്യങ്ങൾ ലഭ്യമാകാത്ത വിദ്യാർത്ഥികളിൽ അർഹരായവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ/ രേഖകൾ പുതുതായി 'Candidate Portal' വഴി അപ്‌ലോഡ് ചെയ്യാവുന്നതാണ്. ഇതിനായി പ്രൊഫൈൽ പേജിൽ ലഭ്യമായിട്ടുള്ള 'Certificate for Category' എന്ന ലിങ്കിലൂടെ ആവശ്യമായ സർട്ടിഫിക്കറ്റുകൾ/ രേഖകൾ സമർപ്പിക്കാവുന്നതാണ്. ഒന്നിലധികം രേഖകൾ സമർപ്പിക്കേണ്ടതുണ്ടെങ്കിൽ ആയത് ഒറ്റ pdf ഫയൽ ആക്കിയ ശേഷം സമർപ്പിക്കേണ്ടതാണ്.

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾക്ക് അപേക്ഷിക്കുകയും N R I ക്വോട്ട സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുകയും ചെയ്യുന്നവർ Candidate Portal ലെ 'Upload NRI Documents ' എന്ന ലിങ്കിലൂടെ സർട്ടിഫിക്കറ്റുകൾ ഒറ്റ p d f ഫയലാക്കി Upload ചെയ്യേണ്ടതാണ്.

**13.07.2023 വൈകുന്നേരം 4.00 മണിവരെ** സർട്ടിഫിക്കറ്റുകൾ അപ്‌ലോഡ് ചെയ്യുന്നതിന് വെബ് സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**കുറിപ്പ്:**

1. പ്രൊഫൈൽ പേജിൽ അർഹമായ സംവരണം ഇതിനകം അനുവദിക്കപ്പെട്ടിട്ടുള്ളവർ പ്രസ്തുത സർട്ടിഫിക്കറ്റുകൾ വീണ്ടും അപ്‌ലോഡ് ചെയ്യരുത്.
2. നിലവിൽ സമർപ്പിച്ച സർട്ടിഫിക്കറ്റുകളിൽ അപാകത ഉണ്ടായിരിക്കുകയും പ്രൊഫൈൽ പേജിൽ memo ലഭിക്കുകയും ചെയ്തിട്ടുള്ളവർ **'Memo Details'** എന്ന ലിങ്കിലൂടെ തന്നെ സർട്ടിഫിക്കറ്റുകൾ Upload ചെയ്ത് അപാകതകൾ പരിഹരിക്കേണ്ടതാണ് (20.06.2023 തീയതിയിലെ വിജ്ഞാപനം അനുസരിച്ച്).
3. പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരം 'കേരളീയർ' (Keralite) ആയവർക്ക് മാത്രമാണ് വിവിധ സംവരണാനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. ആയതിനാൽ **'**കേരളീയർ**'** എന്ന വിഭാഗം പ്രൊഫൈൽ പേജിൽ അനുവദിക്കപ്പെട്ടിട്ടില്ലാത്തവർ സംവരണാനുകൂല്യത്തിനുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നുവെങ്കിൽ **'**കേരളീയർ**'** എന്ന് തെളിയിക്കുന്നതിന് കീം പ്രോസ്പെക്ടസ് വ്യവസ്ഥ പ്രകാരമുള്ള രേഖകളിൽ ഏതെങ്കിലും കൂടി ഇതിനോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.
4. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനാൽ, പുതിയതായി സംവരണാനുകൂല്യം ലഭിക്കുന്നതുമൂലം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയാലും റാങ്ക് ലിസ്റ്റിൽ പുതുതായി ഉൾപ്പെടുത്തുന്നതല്ല.

**സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനും പിഴവുകൾ തിരുത്തുന്നതിനുമുള്ള അവസാന അവസരമായതിനാൽ തെറ്റുകളില്ലാത്ത സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉന്നയിക്കപ്പെട്ട സംവരണാനുകൂല്യം മറ്റൊരറിയിപ്പ് ഇല്ലാതെ തന്നെ റദ്ദാക്കുന്നതാണ്.**

ഫാക്സ്/ഇമെയിൽ മുഖാന്തിരമോ തപാൽ/നേരിട്ടോ ലഭിക്കുന്ന രേഖകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
07-07-2023

Signed by
Arun K Vijayan
Date: 07-07-2023 17:27:55

**പ്രവേശന പരീക്ഷാ കമ്മീഷണർ**